"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്- വ്യാവസായിക പരിശീലനം - ജീവനക്കാര്യം- കളമശ്ശേരി ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.റോയ്.പി.എം-ന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നല്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.788/2024/LBR    തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:-
1. കളമശ്ശേരി ഐ.ടി.ഐ യിലെ സീനിയർ ഇൻസ്ട്രക്ടർ ശ്രീ.റോയ്.പി.എം 14/02/2023ൽ സമർപ്പിച്ച അപേക്ഷ.
2. 22/11/2023, 17/05/2024 തീയതികളിലെ ഡി.ടി/1791/2023-ബി6 നമ്പരിലുള്ള ട്രെയിനിംഗ് ഡയറക്ടറുടെ കത്തുകൾ.
3. 02/11/2023 തീയതിയിലെ എം.ആർ4/198020/2023/ആ.വ.ഡ നമ്പരിലുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കത്ത്.
4. ശ്രീ.റോയ്.പി.എം-ന്റെ ഭാര്യ ശ്രീമതി. ഓമന യോഹന്നാൻ 24/01/2024-ൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച നിവേദനം

**<u>ഉത്തരവ്</u>**

1.കളമശ്ശേരി ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.റോയ്.പി.എം-ന് 04/07/2013-ൽ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷനും 11/01/2017 ന് ഉണ്ടായ ഹൃദയാഘാതത്തെ തുടർന്ന് ആൻജിയോപ്ലാസ്റ്റിയും അതേതുടർന്ന് പേസ് മേക്കർ വയ്ക്കുകയും ചെയ്തിരുന്നു. അതിന് ശേഷം 19.02.2021 മുതൽ 14.02.2023 വരെ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ഔട്ട് പേഷ്യന്റ് ആയി തുടർ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകണം എന്നഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത തുക പ്രതിപൂരണം ചെയ്തു നൽകുന്നതിനായി പരാമർശം (2) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. 01.07.2022 മുതൽ മെഡിസെപ് പദ്ധതി പ്രാബല്യത്തിൽ നിലവിൽ വന്നിരുന്നു. മെഡിസെപ്പ് നിലവിൽ വന്നതിനു ശേഷമുള്ള ചികിത്സാ കാലയളവും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ടിയാളുടെ നിലവിലെ വിഷമകരമായ സാമൂഹിക, സാമ്പത്തികാവസ്ഥ കണക്കിലെടുത്ത് ആ തുക കൂടി പ്രത്യേകാനുമതി നൽകി പ്രതിപൂരണം ചെയ്ത് നൽകുവാൻ ടിയാന്റെ ഭാര്യ പരാമർശം (4) പ്രകാരം ബഹു ധനകാര്യ വകുപ്പ് മന്ത്രി മുൻപാകെ നിവേദനം സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ അനുവദനീയമായ തുക 1,15,061/- രൂപ ആണെന്ന് പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കളമശ്ശേരി ഐ.ടി.ഐയിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.റോയ്.പി.എം-ന്റെ നിലവിലെ വിഷമകരമായ സാമൂഹിക, സാമ്പത്തികാവസ്ഥ കണക്കിലെടുത്ത് 19.02.2021 മുതൽ 14.02.2023 വരെ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രി നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച

തുകയായ 1,15,061/- രൂപയുടെ 80 ശതമാനമായ 92,049/- രൂപ ( തൊണ്ണൂറ്റി രണ്ടായിരത്തി നാൽപ്പത്തി ഒൻമ്പത് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നല്കുന്നതിനു ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം. (അപേക്ഷ, മെഡിക്കൽ ബില്ലുകൾ, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം)

ശ്രീ.റോയ്.പി.എം, സീനിയർ ഇൻസ്ട്രക്ടർ , ഐ.ടി.ഐ,കളമശ്ശേരി. (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [25/06/2024-ലെ 2661153/ലോൺസ് എൽ-1/8/2024/ധന നമ്പർ നോട്ട് പ്രകാരം]

വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
സെക്ഷൻ ഓഫീസർ
Date: 25-07-2024 11:37:52